പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 2431 — 08.07.2015-ൽ മറുപടിക്ക്.

## ചെറായി ബീച്ചിലെ ടൂറിസ്റ്റ് അസിസ്റ്റൻസ് സെന്റർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ചെറായി ബീച്ചിലെ നിർദ്ദിഷ്ട ടൂറിസ്റ്റ് അസിസ്റ്റൻസ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിലുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | : (എ) ചെറായി ബീച്ചിലെ ടൂറിസ്റ്റ് അസിസ്റ്റൻസ് സെന്ററിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ ബിൽഡിംഗ് നമ്പർ, ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ എന്നിവ ലഭിക്കാൻ വൈകിയതിനാലാണ് ടി സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് കാലതാമസം നേരിട്ടത്. |
| (ബി) കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി എന്നായിരുന്നുവെന്ന് വ്യക്തമാക്കാമോ; | : (ബി) 15.04.2013 |
| (സി) നിശ്ചിത സമയപരിധിയിൽ പൂർത്തീകരിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | : (സി) നിശ്ചിത സമയപരിധിക്കുള്ളിൽ കെട്ടിടത്തിന്റെ എല്ലാ പണിയും പൂർത്തിയായിട്ടുള്ളതാണ്. |
| (ഡി) ഇനിയും എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത കെട്ടിടത്തിൽ പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | : (ഡി) ബാധകമല്ല. |
| (ഇ) പ്രസ്തുത സെന്ററിലേക്ക് ആവശ്യമായി വരുന്ന ജീവനക്കാരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;<br>(എഫ്) പ്രസ്തുത സെന്ററിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | : (ഇ) & എഫ്) പ്രസ്തുത കെട്ടിടത്തിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്കു മാത്രമേ ജീവനക്കാരുടെ നിയമനം സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ